പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1166 — 03.12.2018-ൽ മറുപടിയ്ക്ക്

## റോഡുകൾ പരിപാലിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനപാതകളും ഉൾനാടൻ പാതകളും പരിതാപകരമായ സ്ഥിതിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ചില റോഡുകളിൽ കേടുപാടുകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, റോഡുകളിലുണ്ടാകുന്ന കേടുപാടുകൾ അവ ശ്രദ്ധയിൽപ്പെടുമ്പോൾ തന്നെ ഫണ്ട് ലഭ്യതക്കനുസരിച്ച് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) വർഷംതോറും കോടിക്കണക്കിന് രൂപ ചെലവാക്കി നിർമ്മിക്കുന്ന റോഡുകൾ ഒരു മഴക്കാലം കഴിയുമ്പോൾ തകർന്നടിയുന്ന സാഹചര്യം എന്തുകൊണ്ടാണ് ഉണ്ടാകുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) ചില റോഡുകളിൽ ചില ഭാഗങ്ങളിൽ വിവിധ കാരണങ്ങൾകൊണ്ട് കേടുപാടുകൾ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു പരിശോധിച്ചിട്ടുണ്ട്. |
| (സി) നിലവിലുള്ള ഓടകൾ കൃത്യമായി പരിരക്ഷിക്കുന്നതിനും പുതിയതായി നിർമ്മിക്കുന്ന റോഡുകളിൽ വെള്ളം ഒഴുകിപ്പോകുന്നതിന് സംവിധാനം ഒരുക്കുന്നതിനും വെട്ടിപ്പൊളിക്കുന്ന റോഡുകൾ സമയബന്ധിതമായി റിപ്പയർ ചെയ്യുന്നതിനും കർമ്മപദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കാമോ? | (സി) പുതുതായി നിർമ്മിക്കുന്ന റോഡുകളിൽ വെള്ളം ഒഴുകിപോകുന്നതിന് ഓടകൾ നിർമ്മിക്കുന്നതിനുള്ള പ്രൊവിഷൻസ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി വരുന്നുണ്ട്. പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനായി റോഡുകൾ വെട്ടി പൊളിക്കേണ്ടി വരുമ്പോൾ പാലിക്കേണ്ടുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് G.O(Rt)No. 30/2018/PWD dated 05/01/2018, G.O(Rt) No.1321/2018/PWD dated 24/08/2018 എന്നിവ പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിലെ മാനദണ്ഡങ്ങൾ കർശനമായും പാലിക്കുന്നത് വഴി റോഡുകൾ വിവിധ ആവശ്യങ്ങൾക്കായി കുഴിക്കുകയും അവ പൂർവ്വസ്ഥിതിയിലാക്കുന്നതും സംബന്ധിച്ചുള്ള പ്രശ്നങ്ങൾക്കും പരിഹാരം കാണുവാൻ സാധിക്കുന്നതാണ്.<br>ദേശീയപാതാ വിഭാഗത്തിൽ നിലവിലുള്ള |

ഓടകൾ കൃത്യമായി പരിപാലിക്കുന്നുണ്ട്. കൂടാതെ ദേശീയപാതാ വിഭാഗത്തിൽ നിലവിലുള്ള ദേശീയപാതകൾ നാലുവരിപ്പാതയായി വികസിപ്പിക്കുമ്പോൾ കേബിളുകൾ, പൈപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിന് യൂട്ടിലിറ്റി സ്പേസ് / യൂട്ടിലിറ്റി ഡക്റ്റ് എന്നിവ ഉൾപ്പെടുത്താറുണ്ട്.

ദേശീയപാത വിഭാഗത്തിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ കത്ത് നമ്പർ RW / NH - 33044/29/2015/S&R(R) തീയതി 22/11/2016 ലെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് റോഡുകളിൽ പൈപ്പുകളോ കേബികളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലറിൻ പ്രകാരം 5 വർഷത്തേക്കുള്ള ലൈസൻസ് ഫീസും, പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം ടി കക്ഷി അവരുടെ ചിലവിൽ തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ